ലേണേഴ്സ് ലൈസൻസിനുള്ള ടെസ്റ്റ്

(351) ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പിൽ ലേണേഴ്സ് ടെസ്റ്റ് കേരളത്തിൽ ഏതെല്ലാം സ്ഥലങ്ങളിൽവച്ച് നടത്തുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എഴുത്തുപരീക്ഷകൾ ഏതെല്ലാം സമയത്ത് എവിടെയെല്ലാമാണ് നടത്തുന്നത്;

(സി) ടെസ്റ്റ് പാസ്സായ ആൾക്ക് അതേ സ്ഥലത്തുവെച്ചുതന്നെ ലൈസൻസ് നൽകുന്ന സമ്പ്രദായം നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം കേന്ദ്രങ്ങളിൽ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തിലുള്ള എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും മുൻ നിശ്ചയിച്ച സ്ഥലങ്ങളിൽവച്ച് ലേണേഴ്സ് ടെസ്റ്റ് നടത്തുന്നു.

(ബി) സംസ്ഥാനത്തെ എല്ലാ ആർ.ടി. ഓഫീസുകളുടെയും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെയും പരിധിയിൽ മുൻ നിശ്ചയിച്ച സ്ഥലങ്ങളിൽവച്ച് രാവിലെ 5 മണിക്കാണ് ലേണേഴ്സ് ടെസ്റ്റിന്റെ എഴുത്തുപരീക്ഷ നടത്തുന്നത്.

(സി) ടെസ്റ്റ് നടത്തുന്ന എല്ലാ കേന്ദ്രങ്ങളിലും പാസ്സാകുന്നവർക്ക് അവിടെ വച്ചുതന്നെ ലേണേഴ്സ് ലൈസൻസ് നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

നെൽകൃഷിക്കാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ

(356) ശ്രീ. മോൻസ് ജോസഫ് :

ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിക്കാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് പാഡിബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുവാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കൃഷിനാശത്തിൽനിന്ന് സംരക്ഷണം നൽകുന്നതിന് പുതിയ ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) നെൽകൃഷി തൊഴിലാളികൾക്ക് ക്ഷേമപദ്ധതി നിലവിലുണ്ടോ; വിശദവിവരം നൽകുമോ;

(എഫ്) ശ്യാമസുന്ദരൻ നായർ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രസിദ്ധീകരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly